**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-2018-19 വാർഷക പദ്ധതി-പഞ്ചായത്ത് വകുപ്പ് നടപ്പിലാക്കുന്ന ' Bio metric system for disbursement of Social Security Pension' എന്ന പദ്ധതി - ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

**G.O.(Rt)No.1020/2019/LSGD** തീയതി,തിരുവനന്തപുരം, 21/05/2019

പരാമർശം:- 1 23/07/2018 ലെ സ.ഉ(സാധാ)2008/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 പഞ്ചായത്ത് ഡയറക്ടറുടെ 04/12/2018, 25/01/2019എന്നീ തീയതികളി ലെ PAN/20830/2018-J5(DP) നമ്പർ കത്തുകൾ

**ഉത്തരവ്**

2018-19 സംസ്ഥാന ബഡ്ജറ്റിൽ പഞ്ചായത്ത് വകുപ്പ് നടപ്പിലാക്കുന്ന ' Bio metric system for disbursement of Social Security Pension' എന്ന പദ്ധതിക്കായി ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 2235-60-102-91 എന്ന ശീർഷകത്തിൽ 4.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുന്നതിന് മഹിളാപ്രധാൻ ഏജന്റുമാർ മുഖേന ബയോമെട്രിക് സംവിധാനമുള്ള ടാബുകൾ ഉപയോഗിച്ച് സർവ്വേ നടത്താൻ ധനകാര്യ വകുപ്പ് തീരുമാനിച്ചതിനാൽ 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നതിന് ബയോമെട്രിക്ക് സംവിധാനം എന്ന പദ്ധതിയിലുൾപ്പെടുത്തി ബയോമെട്രിക്ക് റീഡർ വാങ്ങുന്ന പദ്ധതി പഞ്ചായത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നത് അധിക ചെലവ് ആയതിനാൽ മേൽ പദ്ധതിക്ക് നൽകിയ ഭരണാനുമതി ഉത്തരവ് റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2018-19 സംസ്ഥാന ബഡ്ജറ്റിൽ പഞ്ചായത്ത് വകുപ്പ് നടപ്പിലാക്കുന്ന ' Bio metric system for disbursement of Social Security Pension' എന്ന പദ്ധതിക്കായി ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 2235-60-102-91 എന്ന ശീർഷകത്തിൽ പരാമർശം (1) പ്രകാരം നൽകിയ 400 ലക്ഷം രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ &ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ത.സ്വ.ഭ(എഫ്.എം)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ